ദർശനം നടത്തി പരിശോധിച്ച് ക്ഷേത്ര സമുച്ചയവുമായി ബന്ധപ്പെട്ടു ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശവും ലേഔട്ട് പ്ലാനും തയ്യാറാക്കി നൽകിയിരുന്നു. തുടർന്ന് ക്ഷേത്ര സമുച്ചയം പുതുക്കി പണിയുന്നതിന് ബോർഡ് തീരുമാനിക്കുകയും ഇത് സംബന്ധിച്ച ജോലികൾ സ്പോൺസർമാരെ കണ്ടെത്തി ചെയ്യിക്കുന്നതിനും, പണികൾ ചെയ്യുന്നത് വാസ്തുശാസ്ത്രപ്രകാരമാണോ എന്നു പരിശോധിക്കുന്നതിനുള്ള ചുമതല വാസ്തുവിദ്യാഗുരുകുലത്തിനെ ഏൽപ്പിക്കുവാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ഗുരുവായൂർ ക്ഷേത്ര ദർശനത്തിന് കൂടുതൽ സൗകര്യങ്ങൾ

229 (4853) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ക്ഷേത്ര ദർശനത്തിന് ഭക്തജനങ്ങളുടെ തിരക്ക് വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുരാവായൂർ ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് ദർശനത്തിനും മറ്റും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) പദ്ധതികൾ എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) രാവിലെയും വൈകിട്ടും നിശ്ചിത സമയങ്ങളിൽ സീനിയർ സിറ്റിസൺസിന് പ്രത്യേക ദർശന സൗകര്യവും സ്ത്രീകൾക്കായി മുഴുവൻ സമയവും പ്രത്യേക ക്യൂ സംവിധാനവും, ഒരു പൊതുവായ ക്യൂ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ക്യൂവിൽ നിൽക്കുന്നവർക്ക് ആവശ്യത്തിന് കുടിവെള്ള സൗകര്യവും വെയിലും മഴയും കൊള്ളാത്തവിധം താൽക്കാലിക മേൽക്കൂരയും ഗുരുവായൂർ ദേവസ്വം നിർമ്മിച്ചിട്ടുണ്ട്. വിപുലമായ സംവിധാനങ്ങൾ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് ഒരു മാസ്റ്റർപ്ലാൻ അനുസരിച്ച് ഗുരുവായൂർ ദേവസ്വം നടപ്പിലാക്കുമെന്നറിയിച്ചിട്ടുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് നൽകിയ ധനസഹായം

230 (4854) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡും, എച്ച്.ആർ. ആന്റ്. സി. ഇ. യും കൊയിലാണ്ടി നിയോജകമണ്ഡ

LIBRARY ARCHIVES Kerala Legislative Assembly

ലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും അവയ്ക്ക് നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2006-2007-ൽ 10 ക്ഷേത്രങ്ങൾക്കും, 2007-2008-ൽ 13 ക്ഷേത്രങ്ങൾക്കും, 2008-2009-ൽ 17 ക്ഷേത്രങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ പേരും അനുവദിച്ച തുകയുടെ വിശദാംശവും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

മേപ്പയൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ക്ഷേത്രങ്ങൾക്കുള്ള ധനസഹായം

231 (4855) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേപ്പയൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര ക്ഷേത്രങ്ങൾക്ക് ദേവസ്വം വകുപ്പിൽനിന്നും ദേവസ്വം ബോർഡുകളിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ക്ഷേത്രങ്ങളുടെ പേരും തുകയും സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽനിന്നും, മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായ ശേഷം ബോർഡിൽനിന്നും മേപ്പയൂർ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് അനുവദിച്ച ധനസഹായം താഴെ പറയുന്നു.

2006-2007	-	11 ക്ഷേത്രങ്ങൾ
2007-2008	-	17 ക്ഷേത്രങ്ങൾ
2008-2009	-	23 ക്ഷേത്രങ്ങൾ
2009-2010	-	25 ക്ഷേത്രങ്ങൾ

മേൽപ്പറഞ്ഞ എണ്ണം ക്ഷേത്രങ്ങളുടെ പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ഗുരുവായൂർ ദേവസ്വത്തിൽ നിയോജകമണ്ഡലം തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗുരുവായൂർ ദേവസ്വം മേപ്പയൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ 2007-2008-ൽ 17,20,000 രൂപയും 2008-2009-ൽ 29,40,000- രൂപയും 2009-2010-ൽ 48,20,000 രൂപയും നൽകിയിട്ടുണ്ടെന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly